"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ് - സംസ്ഥാന സഹകരണ ബാങ്ക് / ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ സ്വാശ്രയ പെൻഷൻ പദ്ധതി - ശ്രീ.രാമചന്ദ്രൻ സി.ടി. സമർപ്പിച്ച അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നു.

---

**സഹകരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.274/2026/Co-Op തീയതി,തിരുവനന്തപുരം, 24-06-2026

---

പരാമർശം:-

1. ശ്രീ. രാമചന്ദ്രൻ സി.ടി. 12.08.2024 തീയതിയിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ
2. കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ് സെക്രട്ടറിയുടെ 18.08.2025 തീയതിയിലെ PB/PRO/193/MPM-DCB നമ്പർ കത്ത്
3. കേരള സംസ്ഥാന സഹകരണ ബാങ്ക് ചീഫ് ജനറൽ മാനേജരുടെ 21.08.2025 തീയതിയിലെ KSCB/HO/HR/4500/2025-26 നമ്പർ കത്ത്

**ഉത്തരവ്**

മുൻ മലപ്പുറം ജില്ലാ സഹകരണ ബാങ്കിൽ നിന്നും (നിലവിൽ കേരള സംസ്ഥാന സഹകരണ ബാങ്ക്) 31.03.2024 -ന് സീനിയർ മാനേജർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീ.രാമചന്ദ്രൻ സി.ടി., പരാമർശം (1) പ്രകാരം സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ പെൻഷൻ പദ്ധതിയിലെ ക്ലോസ്സ് 30(3) പ്രകാരമുള്ള അപ്പീൽ സമർപ്പിച്ചിരിക്കുന്നു.

2. അപ്പീലിൽ പരാമർശിക്കുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്നു:

- ശ്രീ.രാമചന്ദ്രൻ സി.ടി. 31.03.2024 -ന് മുൻ മലപ്പുറം ജില്ലാ സഹകരണ ബാങ്കിൽ നിന്നും (നിലവിൽ കേരള സംസ്ഥാന സഹകരണ ബാങ്ക്) സീനിയർ മാനേജർ തസ്തികയിൽ നിന്നും വിരമിച്ചു. പൂർണ്ണ പെൻഷനായ 26,780 രൂപ ലഭിക്കുന്നതിന് അർഹതയുള്ള സ്ഥാനത്ത് ടിയാന് പ്രതിമാസം 22,058 രൂപ മാത്രമാണ് പെൻഷനായി അനുവദിച്ചിട്ടുള്ളത് എന്നാണ് അപ്പീലിലെ പ്രധാന ആരോപണം. സഹകരണ പെൻഷൻ പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം 18,00,000 രൂപ പെൻഷൻ ഫണ്ട് അടവാക്കിയാൽ പൂർണ്ണ പെൻഷന് അർഹതയുണ്ട്. പരാതിക്കാരന്റെ കാര്യത്തിൽ 22,37,468/- രൂപ പെൻഷൻ ഫണ്ടും 4,35,170 രൂപ പലിശയും അടക്കം 26,72,638/- രൂപ പെൻഷൻ ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. പെൻഷൻ ബോർഡിലേക്കുള്ള 8.5% പലിശ സ്വന്തം ഫണ്ടിൽ നിന്നുമാണ് അടവാക്കിയിട്ടുള്ളത് എന്നും പരാമർശിച്ചിട്ടുണ്ട്.
- മലപ്പുറം ജില്ലാ സഹകരണ ബാങ്കിൽ നിന്നും റിട്ടയർ ചെയ്ത PPO No. 159 വരെയുള്ള പെൻഷൻകാർക്കും (അതായത്, 31.05.2020 വരെ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തവർ)

പിന്നീട് PPO No. 160, 161, 170, 185, 186, 187, 189 നമ്പർ പെൻഷൻകാർക്കും ഹൈക്കോടതി വിധിയിലൂടെ പൂർണ്ണ പെൻഷൻ നൽകിയിട്ടുണ്ട്. അവർ പെൻഷൻ ഫണ്ടും 8.5 % പലിശയും ആണ് അടവാക്കിയിട്ടുള്ളത്. അവർക്ക് ബോർഡിൽ നിന്നും പൂർണ്ണ പെൻഷൻ അനുവദിച്ചിട്ടുണ്ട്. പെൻഷൻ ബോർഡിലേക്ക് സഹകരണ സ്ഥാപനങ്ങളിൽ നിന്നും കിട്ടാനുള്ള തുക യഥാസമയം ലഭ്യമായിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്വം പെൻഷൻ ബോർഡ് സെക്രട്ടറി അടക്കമുള്ള ഉദ്യോഗസ്ഥരുടേതാണ്. പെൻഷൻ ഫണ്ട് യഥാസമയം അടവാക്കേണ്ടത് തൊഴിലുടമ എന്ന നിലയിൽ ബാങ്കിന്റെ ഉത്തരവാദിത്വമാണ്. കുടിശ്ശിക ഈടാക്കുന്നതിന് പെൻഷൻ ബോർഡിന് വിപുലമായ അധികാരങ്ങൾ പെൻഷൻ നിയമപ്രകാരം ഉണ്ടായിട്ടും യാതൊരു വിധ നടപടികൾ സ്വീകരിക്കുന്നതിനും ബോർഡ് തയ്യാറായിട്ടില്ല. കേരള ബാങ്കിന്റെ തന്നെ ഭാഗമായി (മുൻ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്) റിട്ടയർ ചെയ്ത ജീവനക്കാർക്ക് 8% പലിശ സഹിതം പെൻഷൻ ഫണ്ട് അടവാക്കി പൂർണ്ണ പെൻഷൻ അനുവദിക്കുന്നതിന് 04.08.2022 ന് ബഹു: സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനം എടുത്തിട്ടുണ്ട്. അപ്രകാരം തനിക്കും പൂർണ്ണ പെൻഷൻ അനുവദിക്കണമെന്നാണ് പരാതിക്കാരന്റെ ആവശ്യം. ഈ വിഷയത്തിൽ സഹകരണ വകുപ്പ് ജോയിന്റ് സെക്രട്ടറി പരാതിക്കാരനെയും ബന്ധപ്പെട്ട കക്ഷികളെയും നേരിട്ട് കേൾക്കുകയുണ്ടായി. ഹിയറിംഗ് വേളയിലും പരാതിക്കാരൻ തന്റെ വാദങ്ങൾ ആവർത്തിച്ചു.

3. ഇക്കാര്യത്തിൽ പെൻഷൻ ബോർഡ് പരാമർശം (2) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

I. 10/12/2014 തീയതിയിലെ ജി.ഒ.(എം.എസ്.) നം.149/2014/സഹ ഉത്തരവ് പ്രകാരം കേരള സംസ്ഥാന സഹകരണ ബാങ്കിൽ സേവനമനുഷ്ഠിക്കുന്ന ഒരു ജീവനക്കാരന്റെ സർവീസിലെ മുഴുവൻ കാലയളവിലെയും അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമബത്തയുടെയും നിശ്ചിത ശതമാനം നിരക്കിൽ പെൻഷൻ ഫണ്ട് വിഹിതം പൂർണ്ണമായും അടവാക്കിയാൽ മാത്രമെ സ്ലാബ് പ്രകാരമുള്ള പെൻഷൻ അനുവദിയ്ക്കുന്നതിന് വ്യവസ്ഥയുള്ളു. പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ ഫണ്ട് വിഹിതം അടവാക്കേണ്ടത് മാനേജ്മെന്റാണ്. ജീവനക്കാരോട് ഫണ്ട് അടവാക്കുന്നതിന് പെൻഷൻ ബോർഡ് നിർദ്ദേശിച്ചിട്ടില്ല. കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ പദ്ധതി Clause 29(b) പ്രകാരം പദ്ധതി നിലവിൽ വന്ന ഒരു വർഷത്തിനകം ജീവനക്കാരന്റെ പെൻഷൻ ഫണ്ടിലെ മാനേജ്മെന്റ് വിഹിതം പലിശ സഹിതം പെൻഷൻ ബോർഡിലേയ്ക്ക് വകമാറ്റുന്നതിനും ഇപ്രകാരം അടവാക്കാത്ത പക്ഷം നിയമാനുസൃത പലിശ സഹിതം ഫണ്ട് വകമാറ്റുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ യഥാസമയം പെൻഷൻ ഫണ്ട് വകമാറ്റാതെ, ജീവനക്കാരൻ വിരമിക്കുമ്പോൾ ഇ.പി.എഫ്-ലെ പലിശ നിരക്കായ 8.5% മാത്രം കണക്കാക്കിയാണ് മലപ്പുറം ജില്ല സഹകരണ ബാങ്കിലെ ജീവനക്കാരുടെ ഫണ്ട് വകമാറ്റിവന്നത്. പദ്ധതി നിലവിൽ വന്ന ആദ്യകാലത്ത് മേൽപ്രകാരം ഫണ്ട് അടവാക്കിയ ജീവനക്കാർക്ക് ഫുൾ പെൻഷൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ പലിശ അടവാക്കുന്നതിലെ കുറവ് ശ്രദ്ധയിൽപ്പെട്ട ശേഷം നിയമാനുസൃത നിരക്കിൽ ഫണ്ട് കണക്കാക്കി പൂർണ്ണമായും ഫണ്ട് അടവാക്കാത്ത ജീവനക്കാർക്ക് ആനുപാതിക പെൻഷൻ അനുവദിച്ചു വരുന്നു.

II. ജി.ഒ.(പി) നം.103/2005/സഹ ഉത്തരവ് പ്രകാരം ഇ.പി.എഫ്.-ലെ മാനേജ്മെന്റ് വിഹിതം പെൻഷൻ ബോർഡിലേയ്ക്ക് പലിശ സഹിതം വകമാറ്റുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. സംസ്ഥാനത്തെ 12 ജില്ലാ ബാങ്കുകളും കേരള സംസ്ഥാന സഹകരണ ബാങ്കും മേൽ പ്രകാരം

ഫണ്ട് വകമാറ്റിയപ്പോൾ മലപ്പുറം, തിരുവനന്തപുരം ജില്ലാ ബാങ്കുകൾ മാത്രം ഇ.പി.എഫ്. ട്രാൻസ്ഫർ വാല്യൂ പെൻഷൻ ബോർഡിലേയ്ക്ക് യഥാസമയം വകമാറ്റുകയുണ്ടായില്ല. ജീവനക്കാരുടെ പെൻഷൻ ഫണ്ട് വകമാറ്റുന്നതിനുള്ള ഉത്തരവാദിത്തം എംപ്ലോയർ ആയ ബാങ്കിനാണ്. പെൻഷൻ അപേക്ഷ പരിശോധിക്കുന്ന അവസരത്തിൽ കുടിശ്ശിക വരുന്ന പക്ഷം പെൻഷൻ ബോർഡ് റവന്യൂ റിക്കവറി നടപടി സ്വീകരിക്കാറുണ്ട്.

III. ഒരു ജീവനക്കാരന്റെ സർവീസ് കാലയളവിലെ വേതനത്തിനാനുപാതികമായി പെൻഷൻ ഫണ്ട് അടവാക്കുന്നത് ബാങ്കാണ്. മുഴുവൻ ഫണ്ടും അടവാക്കിയാൽ മാത്രമെ ഫുൾ പെൻഷൻ ലഭിയ്ക്കുന്നതിന് അർഹതയുള്ളൂ. ഭാഗികമായി ഫണ്ട് അടവാക്കി ആനുപാതിക പെൻഷൻ അനുവദിക്കുമ്പോൾ പെൻഷനിൽ കുറവ് വരാൻ സാധ്യതയുണ്ട്. പെൻഷൻ ഫണ്ട് പൂർണ്ണമായും അടവാക്കാത്ത ജീവനക്കാർക്ക് ആനുപാതിക പെൻഷൻ നല്കി കുടിശ്ശികയ്ക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതിന് എതിരെ കേരള ബാങ്ക് റിട്ട് പെറ്റീഷൻ, റിട്ട് അപ്പീൽ എന്നിവ ഫയൽ ചെയ്യെങ്കിലും ബഹു: ഹൈക്കോടതി ഉത്തരവുകളിലൂടെ റവന്യൂ റിക്കവറി നടപടികൾ തുടരുന്നതിന് നിർദ്ദേശം നൽകിക്കൊണ്ട് റിട്ട് പെറ്റീഷനും റിട്ട് അപ്പീലും തള്ളുകയാണുണ്ടായത്. റിട്ട് അപ്പീലിനെതിരെ ബാങ്ക് ഫയൽ ചെയ്ത R.P.No. 402/2025 നിലവിൽ ബഹു: ഹൈക്കോടതിയുടെ പരിഗണനയിലാണ്.

IV. സഹകരണ പെൻഷൻ പദ്ധതി ഒരു സ്വാശ്രയ പദ്ധതിയാണ്. പദ്ധതി പ്രകാരമുള്ള ഫണ്ട് പൂർണ്ണമായും ലഭിക്കാതെ ഫുൾ പെൻഷൻ അനുവദിക്കുന്നത് പദ്ധതിയുടെ നിലനിൽപ്പിന് ദോഷകരമാണ്. മുൻ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ പെൻഷൻ ഫണ്ട് കുടിശ്ശിക 10% വാർഷിക കൂട്ടുപലിശ നിരക്കിൽ കണക്കാക്കി കുടിശ്ശിക അടവാക്കാത്തപക്ഷം ആനുപാതിക പെൻഷൻ ആണ് അനുവദിക്കുന്നതെന്നും 8% നിരക്കിൽ പലിശ സ്വീകരിച്ച് ഫുൾ പെൻഷൻ അനുവദിക്കുന്നില്ലെന്നും പെൻഷൻ ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

4. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ പരാമർശം (3) പ്രകാരം സമർപ്പിച്ച വാദഗതികൾ ചുവടെ ചേർക്കുന്നു:

1. മുൻ മലപ്പുറം ജില്ലാ സഹകരണ ബാങ്കിലെ എല്ലാ ജീവനക്കാരുടെയും തൊഴിലുടമ പി.എഫ് വിഹിതം ജൂൺ 2009 വരെ EPFO യിലേക്കും അതിന് ശേഷം EPF കമ്മീഷണറുടെ Exclusion ഉത്തരവിനെ തുടർന്ന് സ്വാശ്രയ പെൻഷൻ പദ്ധതിയിൽ അംഗത്വമെടുത്ത ജീവനക്കാരുടെ വിഹിതം ജൂലൈ 2009 മുതലുള്ളത് പെൻഷൻ ബോർഡിലേക്കുമാണ് ബാങ്ക് അടവാക്കിയിട്ടുള്ളത്. തൊഴിലാളി-തൊഴിലുടമ പി.എഫ് വിഹിതങ്ങൾ അതാത് സമയങ്ങളിൽ തന്നെ ബാങ്ക് കൃത്യമായി അടവാക്കിയതിനാലും ഈ തുകയിൽ പെൻഷൻ ഫണ്ട് ഒഴികെ ബാക്കി തുക വിരമിക്കുന്ന ജീവനക്കാരന് മുഴുവനായും EPFO തിരികെ നൽകുന്നതിനാലും (ബാങ്കിന് തിരികെ നൽകുന്നില്ല) EPFO യിൽ ബാക്കിനിൽപ്പുള്ള പെൻഷൻ ഫണ്ടിൽ നിന്നും വിരമിച്ച ഭൂരിഭാഗം ജീവനക്കാരും പെൻഷൻ കൈപ്പറ്റുന്നതിനാലും ഇക്കാലമത്രയും ജീവനക്കാർ തന്നെയാണ് ബാങ്ക് EPFO യിലേക്ക് അടവാക്കിയ തൊഴിലുടമാ പി.എഫ്. വിഹിതം പലിശ സഹിതം പെൻഷൻ ബോർഡിലേക്ക് അടവാക്കിയിരുന്നത്. സ്വാശ്രയ പെൻഷൻ പദ്ധതിയിൽ അംഗത്വമെടുത്ത ജീവനക്കാരുടെ പേർക്ക് ജൂൺ 2009 വരെ EPFO യിൽ അടവാക്കിയ പി.എഫ്. വിഹിതങ്ങൾ ബാങ്കിലേക്കോ പെൻഷൻ ബോർഡിലേക്കോ മാറ്റുന്നതിന് പലതവണ ആവശ്യപ്പെട്ടിട്ടും EPFO അതിന് തയ്യാറായിട്ടില്ല. ഈ ജീവനക്കാരുടെ പെൻഷൻ ഫണ്ട് ഇപ്പോഴും EPFO -യിൽ തന്നെയാണുള്ളത്. 2020 -ന് ശേഷം ബാങ്കിൽ നിന്ന് വിരമിച്ച ജീവനക്കാർക്ക് ഒന്നും തന്നെ EPFO പെൻഷൻ നൽകിയിട്ടില്ല.

2. ജൂലൈ 2020 വരെ ബാങ്കിൽ നിന്നും വിരമിച്ച ജീവനക്കാർ പെൻഷൻ ബോർഡിൽ നിന്നും പെൻഷൻ ലഭിക്കുന്നതിനായി അവരുടെ പേരിൽ ജൂൺ 2009 വരെ EPFO യിൽ അടവാക്കിയ തൊഴിലുടമാ പി.എഫ് വിഹിതം 8.5% സാധാരണ പലിശ കണക്കാക്കിയാണ് പെൻഷൻ ബോർഡിലേക്ക് അടവാക്കിയിരുന്നത്. ഈ ജീവനക്കാർക്ക് പെൻഷൻ ബോർഡ് മുഴുവൻ പെൻഷൻ അനുവദിച്ച് നൽകുകയും ചെയ്തിരുന്നു എന്നാൽ ജൂലൈ 2020 ന് ശേഷം 10% വാർഷിക കൂട്ടുപലിശ കണക്കാക്കി അടവാക്കാൻ ആവശ്യപ്പെടുകയും തുടർന്ന് 10% പലിശ കണക്കാക്കി അടവാക്കിയ ജീവനക്കാർക്ക് മുഴുവൻ പെൻഷനും അല്ലാത്തവർക്ക് ആനുപാതിക പെൻഷനുമാണ് പെൻഷൻ ബോർഡ് അനുവദിച്ച് നൽകിയത്. അതാത് കാലങ്ങളിൽ ബാങ്കിന് ലഭിച്ചിട്ടുള്ള ഉത്തരവുകൾ (സർക്കാർ, ബഹു: കോടതി, EPFO, പെൻഷൻ ബോർഡ്) അനുസരിച്ചാണ് ബാങ്ക് PF വിഹിതം കൈകാര്യം ചെയ്ത് വരുന്നത്. ഈ ഉത്തരവുകൾ നടപ്പാക്കുകയല്ലാതെ പി.എഫ്. വിഹിതങ്ങൾ അടവാക്കുന്നതിൽ ബാങ്കിന്റെ ഭാഗത്ത് നിന്ന് യാതൊരു വീഴ്ചയും സംഭവിച്ചിട്ടില്ല. പുതിയ പെൻഷൻ സ്കീം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നിലനിന്നിരുന്ന സ്റ്റേ ഓർഡറുകളും കേസുകളുമാണ് മേൽ വിഷയത്തിന് അടിസ്ഥാന കാരണം ഇക്കാര്യത്തിൽ ബാങ്കിന് ഒന്നും ചെയ്യാൻ സാധിക്കുമായിരുന്നില്ല.

3. G.O.(P)No.103/2005/Co-op. dtd 29.04.2005 നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന/ജില്ലാ സഹകരണ ബാങ്ക് ജീവനക്കാർക്ക് സ്വാശ്രയ പെൻഷൻ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 30/06/2009 ലെ GO(Ms)No.81/2001/LBR ഉത്തരവ്, പ്രോവിഡന്റ് ഫണ്ട് കമ്മീഷണറുടെ 26.05.2009-ലെ KR/RO/Enf.1(8)09 ഉത്തരവ് എന്നിവയിലൂടെ സംസ്ഥാന സഹകരണ ബാങ്കിനേയും 14 ജില്ലാ സഹകരണ ബാങ്കുകളെയും EPF & MP Act -ന്റെ പരിധിയിൽ നിന്നും 01/04/2005 മുതൽ മുൻകാല പ്രാബല്യത്തോടെ ഒഴിവാക്കി ഉത്തരവാകുന്നത് വരെ ബാങ്ക് എല്ലാ ജീവനക്കാരുടേയും PF വിഹിതങ്ങൾ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് നിയമപ്രകാരം കോഴിക്കോട് EPFO യിലേക്കാണ് അടവാക്കിയിരുന്നത്. ബാങ്കിലെ ജീവനക്കാർ സ്വാശ്രയ പെൻഷൻ പദ്ധതിയിൽ അംഗമാകുകയും ജൂലൈ 2009 മുതൽ ജീവനക്കാരുടെ തൊഴിലുടമാ PF വിഹിതം പെൻഷൻ ബോർഡിലേക്കും തൊഴിലാളി PF വിഹിതം MDC Bank Employees Provident Fund Trust ൽ അടവാക്കാനും തുടങ്ങി. തുടർന്ന് പെൻഷൻ ബോർഡിന്റെ നിർദ്ദേശപ്രകാരം 06/2009 വരെ EPFO യിൽ അടവാക്കിയ തുക EPFO യിൽ നിന്നും തിരിച്ച് ലഭിക്കുന്നതിന് വേണ്ടി കോഴിക്കോട് ഇ.പി.എഫ് കമ്മീഷണർക്ക് രേഖാമൂലം കത്ത് നൽകിയെങ്കിലും തുക തിരിച്ച് നൽകാൻ കോഴിക്കോട് ഇ.പി.എഫ്.ഒ തയ്യാറായില്ല.

4. EPF കമ്മീഷണറുടെ Exclusion ഉത്തരവിനെ ഈ ബാങ്കിലെ 100 -ൽ അധികം ജീവനക്കാർ ഉൾപ്പടെ വിവിധ ജില്ലാ ബാങ്കുകളിലെ ജീവനക്കാർ ബഹു. ഹൈക്കോടതിയിൽ ചലഞ്ച് ചെയ്തതിനെ തുടർന്ന് ബഹു: ഹൈക്കോടതി പ്രസ്തുത ഉത്തരവ് റദ്ദാക്കുകയും (WP(C)35373/2010) മേൽ വിധി ബഹു. ഹൈക്കോടതിയുടെ Division Bench (WA 1217/2012) പ്രകാരം ശരിവെക്കുകയും ചെയ്തു. ഡിവിഷൻ ബഞ്ചിന്റെ ഈ വിധി പ്രകാരം അനുയോജ്യമായ പെൻഷൻ പദ്ധതി തെരഞ്ഞെടുക്കുവാനുള്ള അവകാശം ജീവനക്കാർക്ക് നൽകുകയും ജീവനക്കാരുടെ സമ്മതപ്രകാരം EPFO നിന്നും പെൻഷൻ ഫണ്ട് പെൻഷൻ ബോർഡിലേക്ക് മാറ്റുന്ന കാര്യം നിശ്ചിത സമയ പരിധിക്കുള്ളിൽ നടപ്പിലാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഈ വിധിക്കെതിരെ ബാങ്കിനേയും EPFO യെയും കക്ഷി ചേർത്ത് പെൻഷൻ ബോർഡ്, ബഹു.സുപ്രീം കോടതിയിൽ SLP(C)ഫയൽ ചെയ്തിരുന്നു. Exclusion ഉത്തരവ് റദ്ദാക്കിയതിന്റെ അടിസ്ഥാനത്തിൽ 22/03/2012 ലെ KR KK 2722 Enf(4)2012 നമ്പർ കത്ത് മുഖേന EPF കമ്മീഷണർ കേസിൽ ഉൾപ്പെട്ട ജീവനക്കാരുടെയും പെൻഷൻ ബോർഡിൽ

അംഗത്വമെടുത്ത ജീവനക്കാരുടെയും PF വിഹിതങ്ങൾ 07/2009 മുതലുള്ളത് EPFO യിലേക്ക് അടിയന്തരമായി അടവാക്കുന്നതിന് നോട്ടീസ് അയച്ചു. കേസിൽ ഉൾപ്പെട്ട ജീവനക്കാരുടെ പി.എഫ് വിഹിതം മാത്രമായി EPFO സ്വീകരിക്കാതെവരികയും പിന്നീട് മറ്റൊരു കോടതി വിധിയെ തുടർന്നാണ് കേസിൽ ഉൾപ്പെട്ട ജീവനക്കാരുടെ PF വിഹിതങ്ങൾ ബാങ്കിന്റെ കൈവശം ഉണ്ടായിരുന്നത് മുഴുവനായി അനുബന്ധചാർജ്ജുകളും പലിശ സഹിതവും EPFO യിലേക്ക് ബാങ്ക് അടവാക്കാൻ സാധിച്ചത്. എന്നാൽ പെൻഷൻ ബോർഡിൽ അംഗത്വമെടുത്ത ജീവനക്കാരുടെ PF വിഹിതം തിരിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് 03/05/2014, 12/01/2016 എന്നീ തിയതികളിലെ കത്ത് പ്രകാരം പെൻഷൻ ബോർഡിനെ അറിയിച്ചെങ്കിലും ജീവനക്കാർക്ക് പെൻഷൻ പദ്ധതി തെരഞ്ഞെടുക്കുന്നതിന് ഓപ്ഷൻ നൽകികൊണ്ടുള്ള ബഹു. ഹൈക്കോടതി വിധിക്കെതിരെ പെൻഷൻ ബോർഡ് SLP No. 37019/12, SLP (Civil) 10274/2014 കോടതിയുടെ പരിഗണനയിലായതിനാൽ അന്തിമ വിധിക്കനുസരിച്ച് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ എന്നും EPFO ക്ക് എതിരെ നിയമ നടപടികൾ സ്വീകരിക്കണമെന്നും അറിയിക്കുകയാണ് പെൻഷൻ ബോർഡ് ചെയ്തത്.

5. പെൻഷൻ ബോർഡിൽ നിന്നും ഈ തുക തിരിച്ചുകിട്ടാത്തതിനാൽ ബാങ്കിനു EPFO യിൽ അടവാക്കാൻ സാധിക്കാതെ വരികയും ഇതു സംബന്ധമായി PF കമ്മീഷണർ പലവട്ടമായി ബാങ്കിൽ നടത്തിയ Enquiry കളും അതിന്റെ അടിസ്ഥാനത്തിൽ നൽകിയ സമൻസുകൾ, Damages എന്നിവ ഒഴിവാക്കി കിട്ടാൻ ബഹു ഹൈക്കോടതിയെ ബാങ്ക് സമീപിക്കുകയും ബഹു.കോടതി PF കമ്മീഷണറുടെ നടപടികൾ താല്ക്കാലികമായി തടയുകയും 2016 ലെ WP(C) 21747/2016 വിധിയിലൂടെ മറ്റൊരു ഉത്തരവ് ഉണ്ടാകുന്നത് വരെ PF കമ്മീഷണരുടെ നടപടികൾ നിർത്തിവെക്കുന്നതിന് ഉത്തരവാകുകയും പെൻഷൻ ബോർഡിൽ അംഗത്വമെടുത്തിട്ടുള്ള എല്ലാ ജീവനക്കാരുടെ തൊഴിലുടമാ PF വിഹിതം നിലവിൽ പെൻഷൻ ബോർഡിലേക്കും ജീവനക്കാരുടെ PF വിഹിതം ജീവനക്കാരുടെ PF Trust ലേക്കും പെൻഷൻ ബോർഡിനെതിരെ കേസിന് പോയ ജീവനക്കാരുടേത് EPFO യിലേക്കും അടവാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു.

6. ബാങ്കിന്റെ ആരംഭം മുതൽ 06/2009 വരെ EPFO യിൽ അടവാക്കിയിട്ടുള്ള ജീവനക്കാരുടെ PF വിഹിതങ്ങൾ PF Trust ലേക്കും തൊഴിലുടമാ വിഹിതങ്ങൾ പെൻഷൻലേക്കും തിരിച്ച് നൽകുന്നതിന് ഇപിഎഫ് കമ്മീഷണറോട് പല തവണ ബാങ്ക് ആവശ്യപ്പെട്ടിട്ടും. പെൻഷൻ ബോർഡ് ഫയൽ ചെയ്ത SLP 37019/12, SLP (Civil) 10274/2014 കോടതിയുടെ പരിഗണനയിലായതിനാലും EPFO ഈ തുക നാളിതുവരെ തിരിച്ചുനൽകിയിട്ടില്ല. ഈ സാഹചര്യത്തിലാണ് പി.എഫ് തുക പെൻഷൻ ബോർഡിലേക്ക് മാറ്റാൻ സാധിക്കാതെ വന്നതും കുടിശ്ശികയായതും ആയത് ബാങ്കിന്റെ വീഴ്ചയായി കാണാൻ കഴിയില്ല. പെൻഷൻ ബോർഡ് ഫയൽ ചെയ്ത SLP (Civil) കളിൽ 24/08/2022 ന് അന്തിമവിധി വന്ന സാഹചര്യത്തിൽ കുടിശ്ശികയായ പെൻഷൻ ഫണ്ട് പെൻഷൻ ബോർഡിലേക്ക് വകമാറ്റുന്നതിന് വേണ്ടി EPFO യുടെ Letter No. KR/KKD/2722/AB1(4)/2022-23/7094 dtd 28.02.2023 പ്രകാരം ആവശ്യപെട്ട വിവരങ്ങൾ 10/07/2023 തിയ്യതിയിലെ Pension/PF Trust/2023-24/1613 നമ്പർ കത്ത് പ്രകാരം EPFO യിലേക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ ഇപ്പോഴും ഈ തുക പെൻഷൻ ബോർഡിലേക്ക് വകമാറ്റുന്നതിന് EPFO തയ്യാറായിട്ടില്ല. കൂടാതെ ബാങ്കിൽ നിന്നും വിരമിച്ച ചില ജീവനക്കാർ ഇതേ വിഷയത്തിൽ ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുമായി ബന്ധപ്പെട്ട WANo.407/2024 ന്റെ ഇടക്കാല വിധിപ്രകാരം പെൻഷൻ ബോർഡിൽ അംഗത്വമെടുത്ത ജീവനക്കാരുടെ ജൂൺ 2009 വരെ EPFO യിലേക്ക് അടവാക്കിയ പെൻഷൻ ഫണ്ട് പെൻഷൻ ബോർഡിലേക്ക് വകമാറ്റുന്നതിന് EPFO-യോട് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത കേസിൽ ഉൾപ്പെട്ട ജീവനക്കാരുടെ ഫണ്ട്

പെൻഷൻ ബോർഡിലേക്ക് മാറ്റുകയും ബാക്കിയുള്ള ജീവനക്കാരുടെ പെൻഷൻ ഫണ്ട് മാറ്റുന്നതിന് കൂടുതൽ സമയം നൽകുന്നതിന് വേണ്ടി EPFO കോടതിയോട് അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

7. ഇക്കാര്യത്തിൽ ബാങ്കിന്റെ ഭാഗത്ത് നിന്നും വീഴ്ചകൾ ഒന്നും സംഭവിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ബാങ്കിൽ നിന്നും വിരമിച്ചതും ഇനി വിരമിക്കാനിരിക്കുന്നതുമായ ജീവനക്കാരുടെ ഇ.പി.എഫ്.ഒ.യിലുള്ള പെൻഷൻ ഫണ്ടും പി.എഫും. പലിശ സഹിതം പെൻഷൻ ബോർഡിലും പി.എഫ് ട്രസ്റ്റിലും ഉള്ള ജീവനക്കാരുടെ ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് വകമാറ്റുന്നതിലൂടെ മാത്രമേ ഈ വിഷയത്തിൽ ഒരു ശാശ്വതപരിഹാരം ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ. മേൽ തുക പെൻഷൻ ബോർഡിലേക്ക് വക മാറ്റേണ്ടത് EPFO ആണ്. ബാങ്കിന് ഈ തുക വീണ്ടും അടവാക്കുന്നതിന് നിർവ്വാഹമില്ല. ബാങ്കിന്റെ സർവ്വീസിൽ നിന്നും 31/03/2024-ന് വിരമിച്ച ശ്രീ.രാമചന്ദ്രൻ സി.ടി യുടെ ജൂൺ 2009 വരെയുള്ള തൊഴിലുടമാ പി.എഫ് വിഹിതമായ 3,47,095/- രൂപ EPFO യിലേക്കും ജൂലൈ 2009 മുതൽ വിരമിക്കുന്നത് വരെയുള്ള പി.എഫ് വിഹിതമായ 18,90,373/-രൂപ പെൻഷൻ ബോർഡിലേക്കുമാണ് അതാത് മാസങ്ങളിൽ ബാങ്ക് അടവാക്കിയത്. ഇതിൽ EPFO യിലേക്ക് അടാക്കിയ 3,47,095/- രൂപ പെൻഷൻ ബോർഡ് ആവശ്യപ്പെടുന്ന 10% കൂട്ടുപലിശയായ 10,23,221/- ഉൾപ്പെടെ ആകെ 13,70,316/- രൂപയാണ് അടവാക്കേണ്ടിയിരുന്നത്. ആയതിനാൽ ഈ തുക പെൻഷൻ ബോർഡിലേക്ക് അടവാക്കുന്നതിന് ടിയാനോട് ബാങ്ക് നിർദ്ദേശിച്ചിരുന്നു. എന്നാൽ ടിയാൻ 8.5% സാധാരണ പലിശ കണക്കാക്കി 7,82,265/- രൂപയാണ് പെൻഷൻ ബോർഡിലേക്ക് അടവാക്കിയത്. ആയതിനാൽ പെൻഷൻ ബോർഡ് ടിയാന് ആനുപാതിക പെൻഷനാണ് അനുവദിച്ച് നൽകിയത്.

8. മുൻ മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ വിഹിതമായ ഇ.പി.എഫ്.ഒ. യിൽ നിന്നും തിരികെ നൽകാത്ത തുക പലിശ ഉൾപ്പെടെ തിരികെ ലഭിക്കുന്നതിനായി ബാങ്ക് ബഹു.ഹൈക്കോടതിയിൽ WP(C) 22650/2025 നമ്പർ ആയി കേസ് ഫയൽ ചെയ്തിരിക്കുകയാണ് ആയത് കോടതിയുടെ പരിഗണനയിലാണ്.

5. അപ്പീലിലും റിപ്പോർട്ടുകളിലും സൂചിപ്പിച്ച വാദഗതികളും ഹിയറിംഗ് സമയം മുന്നോട്ടുവച്ച അഭിപ്രായങ്ങളും നിലവിലെ സഹകരണ പെൻഷൻ പദ്ധതിയിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഇക്കാര്യത്തിൽ ചുവടെ ചേർക്കുന്ന കാര്യങ്ങൾ കാണാനാവുന്നതാണ്:

6. സംസ്ഥാന സഹകരണ ബാങ്ക്/ ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ പെൻഷൻ പദ്ധതി, 2005 പ്രകാരം, പെൻഷൻ ഫണ്ട് എന്നാൽ,

*"There shall be established a pension fund for payment of pension to the employees of the Bank to which the entire amount of management portion of the Provident fund contribution and pension fund contribution outstanding in respect of each employee with the Employees provident fund commissioner or Employees provident fund trusts instituted by the Bank and the monthly engagement contribution of each employees remitted by the Bank at the rate of 12% of the pay as specified in sub-paragraph (k) of paragraph (2) of the Scheme."* ആണ്.

പ്രസ്തുത പദ്ധതിയിലെ ക്ലോസ്സ് 29 പ്രകാരം;

*"Special provision for transfer of funds from the Employees provident Fund trusts and*

*Employees Provident fund Scheme:- On and from the date of commencement of the Scheme,.*

*(a) the portion of the employees contribution with interest accrued thereon standing to the credits of the employees in the Employees Provident Fund and Employees Pension Trust Scheme shall be transferred and credited by the Bank to the fund, and*

*(b) if a bank fails to transfer the employers' contribution with interest accrued thereon as provided in Clause (a) above with in a period of one year from the date of publication of the scheme in the official gazette or has transferred only a part thereof, as the case may be, with interest at rate of 24 percent per annum."*

7. പെൻഷൻ പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം തൊഴിലുടമയായ ബാങ്കാണ് പെൻഷൻ വിഹിതം അടവാക്കേണ്ടത്. Exclusion ഉത്തരവിനെ തുടർന്ന് സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും ഇ.പി.എഫ്-ന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയ സാഹചര്യത്തിൽ ഇ.പി.എഫ്-ൽ നിന്നും കൈമാറി വരുന്ന ഫണ്ട് നേരിട്ട് ബാങ്കിനാണ് നൽകുന്നത്. പ്രസ്തുത തുക യഥാസമയം ബാങ്ക് പെൻഷൻ ബോർഡിൽ അടവാക്കുന്നതിൽ വീഴ്ച വരുത്തിയതിനാലാണ് പലിശ ഇനത്തിൽ കുടിശ്ശിക തുക അടക്കേണ്ടുന്ന സാഹചര്യം ഉണ്ടായിട്ടുള്ളത്. മറ്റെല്ലാ ജില്ലാ സഹകരണ ബാങ്കുകളും ഇ.പി.എഫിൽ നിന്നും കൈമാറിയ തുക കൃത്യമായി പെൻഷൻ ബോർഡിൽ അടച്ചപ്പോൾ മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഇക്കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുണ്ട്. കേരള സംസ്ഥാന/ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ പെൻഷൻ പദ്ധതിയുടെ Clause 29(B) പ്രകാരം പെൻഷൻ പദ്ധതി നിലവിൽ വന്ന് ഒരു വർഷത്തിനകം ഫണ്ട് പൂർണ്ണമായും വക മാറ്റിയിട്ടില്ലെങ്കിൽ സ്കീമിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം കുടിശ്ശികയ്ക്ക് പലിശ അടക്കുന്നതിന് ബാങ്ക് ബാധ്യസ്ഥമാണ്. ശ്രീ.രാമചന്ദ്രൻ സി.ടി യുടെ പേർക്ക് EPFO യിലേക്ക് അടാവാക്കിയ 3,47,095/- രൂപ പെൻഷൻ ബോർഡ് ആവശ്യപ്പെട്ടുന്ന 10% കൂട്ടുപലിശയായ 10,23,221/- ഉൾപ്പെടെ ആകെ 13,70,316/- രൂപയാണ് അടവാക്കേണ്ടിയിരുന്നത്. ഇതിൽ 7,82,265/- രൂപയാണ് പെൻഷൻ ബോർഡിലേക്ക് അടവാക്കിയത്. പൂർണ്ണമായി ഫണ്ട് അടവാക്കാത്തതിനാൽ പെൻഷൻ പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം ആനുപാതിക പെൻഷൻ ആണ് ശ്രീ.രാമചന്ദ്രൻ സി.ടി-ക്ക് അനുവദിച്ചത്.

8. പൂർണ്ണമായും ഒരു സ്വാശ്രയപദ്ധതിയായ സഹകരണ പെൻഷൻ പദ്ധതിയിൽ ഫണ്ട് അടവാക്കുന്നതിനു ഇളവ് നൽകുന്നത് പെൻഷൻ ബോർഡിന് ഭീമമായ തുക പെൻഷൻ ഫണ്ടിനത്തിൽ ലഭിക്കേണ്ടത് നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാവുകയും അത് പദ്ധതിയുടെ നിലനിൽപ്പിനെ തന്നെ ബാധിക്കുകയും ചെയ്യും. എന്നാൽ തങ്ങളുടേതല്ലാത്ത കാരണത്താൽ അർഹമായ പെൻഷൻ പെൻഷനർക്ക് ലഭിക്കാതിരിക്കുന്നത് നീതിനിഷേധവുമാണ്. പെൻഷൻ പദ്ധതിയുടെ വ്യവസ്ഥകൾ പ്രകാരം തൊഴിലുടമ ബാങ്കാണ് പെൻഷൻ ഫണ്ട് അടവാക്കേണ്ടത്. മുൻ മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ വിഹിതമായ ഇ.പി.എഫ്.ഒ. യിൽ നിന്നും തിരികെ നൽകാത്ത തുക പലിശ ഉൾപ്പെടെ തിരികെ ലഭിക്കുന്നതിനായി ബാങ്ക് ബഹു.ഹൈക്കോടതിയിൽ WP(C)22650/2025 നമ്പർ ആയി കേസ് ഫയൽ ചെയ്യുകയും നിലവിൽ കേസ് കോടതിയുടെ പരിഗണനയിലാണ്. കൂടാതെ പെൻഷൻ ഫണ്ട് ഈടാക്കുന്നതിന് പെൻഷൻ ബേർഡ് തുടങ്ങിയ റവന്യൂ റിക്കവറി നടപടികൾക്കെതിരെ ബാങ്ക് ഫയൽ ചെയ്ത R.P.No. 402/2025 തള്ളിക്കൊണ്ട് ബഹു.ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

9. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ പെൻഷൻ പദ്ധതിയിലെ

വ്യവസ്ഥകൾ പ്രകാരം ശ്രീ. രാമചന്ദ്രൻ സി.ടി യുടെ പേർക്ക് പെൻഷൻ ഫണ്ടിനത്തിൽ നൽകാനുള്ള കുടിശ്ശിക തുക അടിയന്തിരമായി കൈമാറി നൽകുന്നതിന് കേരള സംസ്ഥാന സഹകരണ ബാങ്കിന് നിർദ്ദേശം നൽകിയും പ്രസ്തുത ഫണ്ട് അടിയന്തരമായി ഈടാക്കി അർഹമായ പെൻഷൻ പരാതിക്കാരന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സഹകരണ പെൻഷൻ ബോർഡിനും നിർദ്ദേശം നൽകിയും ഉത്തരവാകുന്നു. അപ്രകാരം ശ്രീ. രാമചന്ദ്രൻ സി.ടി സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHEENA M S

ജോയിന്റ് സെക്രട്ടറി

1. ശ്രീ.രാമചന്ദ്രൻ സി.ടി., ചുണ്ടയിൽതൊടി ഹൗസ്, പൂക്കോട്ടൂർ പി.ഒ., മലപ്പുറം ജില്ല പിൻ. 676517
2. സെക്രട്ടറി, കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ്, തിരുവനന്തപുരം
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
4. വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി.
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി(എ3/194/2024/സഹ)

ഉത്തരവിൻ പ്രകാരം

Signed by
Jithesh B K
സെക്ഷൻ ഓഫീസർ
Date: 24-06-2026 13:43:47